REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മൗറിഷ്യസിന്റെ ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും.**
- **ഭീകര സംഘടനകളായ അവാമി ആക്ഷൻ കമ്മിറ്റിയേയും, ജമ്മു കശ്മീർ ഇത്തിഹാദുൽ മുസ്ലീമീൻ സംഘടനയേയും കേന്ദ്ര ഗവൺമെന്റ് നിരോധിച്ചു.**
- **ധനമന്ത്രി നിർമല സീതാരാമനുമായി മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ന്യൂഡൽഹി കേരള ഹൗസിൽ കൂടിക്കാഴ്ച നടത്തും.**
- **ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ മകം തൊഴൽ ഇന്ന്.**
- **ISL ഫൂട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് FC-യെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മൗറിഷ്യസിന്റെ ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്നലെ മൗറിഷ്യസ് പ്രധാനമന്ത്രി ഡോ. നവീൻ ചന്ദ്രറംഗൂലവുമായി പോർട്ട്ലൂയിസിൽ അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തി.

ഡെസ്ക് റിപ്പോർട്ട്.

.....വോയ്സ്.....

ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാൻ രണ്ട് പ്രധാനമന്ത്രിമാരും തീരുമാനിച്ചു. നരേന്ദ്രമോദിക്കായി മൗറീഷ്യസ് പ്രധാനമന്ത്രി

പ്രത്യേക വിരുന്ന് സത്കാരവും ഒരുക്കിയിരുന്നു. ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങൾക്കപ്പുറം ഇരുരാജ്യങ്ങൾക്കുമിടയിലെ സൗഹൃദം സമഗ്രപങ്കാളിത്തമായി മാറിക്കഴിഞ്ഞെന്ന് നരേന്ദ്രമോദി പറഞ്ഞു.

മൗറിഷ്യസിന്റെ പരമോന്നത സിവിലിയൻ പുരസ്കാരമായ 'ഗ്രാന്റ് കമാൻഡർ ഓഫ് ദ ഓർഡർ ഓഫ് ദ സ്റ്റാർ ആന്റ് കീ ഓഫ് ദ ഇന്ത്യൻ ഓഷ്യൻ' ബഹുമതി നരേന്ദ്രമോദിക്ക് നൽകുമെന്ന് പ്രധാനമന്ത്രി നവീൻ ചന്ദ്രറംഗൂലം അവിടുത്തെ ഇന്ത്യൻസമൂഹം പങ്കെടുത്ത ചടങ്ങിൽ പ്രഖ്യാപിച്ചു. ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡ് മൗറീഷ്യസ് പ്രധാനമന്ത്രിക്കും പത്നിക്കും നൽകുമെന്ന് നരേന്ദ്രമോദി ചടങ്ങിൽ അറിയിച്ചു.

✪✪✪

നരേന്ദ്രമോദി ഗവണ്മെന്റ് അധികാരമേറ്റതു മുതൽ വിദ്യാഭ്യാസ മേഖലയിലെ ബജറ്റ് വിഹിതം വർഷം തോറും വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ പറഞ്ഞു. മേഖലയ്ക്ക് ഈ വർഷം ഒരു ലക്ഷത്തി 28,000 കോടിയിലധികം രൂപ വകയിരുത്തിയതായും ഇത് മുൻ വർഷത്തേക്കാൾ 6.22 ശതമാനം കൂടുതലാണെന്നും ധർമ്മേന്ദ്രപ്രധാൻ രാജ്യസഭയെ അറിയിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റ് ഭീകര സംഘടനകളായ അവാമി ആക്ഷൻ കമ്മിറ്റിയേയും, ജമ്മു കശ്മീർ ഇത്തിഹാദുൽ മുസ്ലീമീൻ സംഘടനയേയും നിരോധിച്ചു. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്ന നിയമ പ്രകാരമാണ് രണ്ട് സംഘടനകളേയും ആഭ്യന്തര മന്ത്രാലയം നിരോധിച്ചത്. ഇരു സംഘടനകളും ഭീകര പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും ഇന്ത്യാ വിരുദ്ധ പ്രചാരണം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി.

✪✪✪

പാലിന് പകരം ബദൽ ക്ഷീരഘടകങ്ങൾ ഉപയോഗിക്കുന്ന ഡയറി അനലോഗ് ഉത്പന്നങ്ങളിൽ നിരീക്ഷണം ശക്തമാക്കാൻ ഭക്ഷ്യ സുരക്ഷാ നിലവാര അതോറിറ്റി സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. ഇപ്പോഴത്തെ ഉത്സവ കാല വിപണിയിൽ ഇത്തരം ഉത്പന്നങ്ങൾ വൻ തോതിൽ ഉപയോഗിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്ര നിർദേശം.

✪✪✪

റിസർവ് ബാങ്ക് മഹാത്മാഗാന്ധി സീരിസിൽ 100 രൂപയുടേയും 200 രൂപയുടേയും പുതിയ നോട്ടുകൾ പുറത്തിറക്കാൻ തീരുമാനിച്ചു. ഇപ്പോഴത്തെ 100, 200 കറൻസി നോട്ടുകളുടെ മാതൃകയിൽ തന്നെയായിരിക്കും പുതിയ

നോട്ടുകളുമെന്ന് RBI അറിയിച്ചു. ഇപ്പോഴത്തെ നോട്ടുകൾക്ക് തുടർന്നും നിയമപരമായ മൂല്യം ഉണ്ടായിരിക്കുമെന്നും അറിയിപ്പിൽ റിസർവ് ബാങ്ക് വ്യക്തമാക്കി.

✪✪✪

ധനമന്ത്രി നിർമല സീതാരാമനുമായി മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ന്യൂഡൽഹി കേരള ഹൗസിൽ  കൂടിക്കാഴ്ച നടത്തും. സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളും നികുതി വിഹിതവും അടക്കം കാര്യങ്ങൾ മുഖ്യമന്ത്രി ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. നേരത്തെ കേരളത്തിന്റെ ഡൽഹിയിലെ പ്രതിനിധി പ്രൊഫസർ KV തോമസ് ധനമന്ത്രിയെ കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ധരിപ്പിച്ചിരുന്നു.  രാവിലെ ധനമന്ത്രിക്ക് മുഖ്യമന്ത്രി ഒരുക്കുന്ന പ്രഭാത വിരുന്നിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറും പങ്കെടുക്കും.

✪✪✪

മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിനായി ഗവൺമെന്റ് നിർമ്മിക്കുന്ന ടൗൺഷിപ്പിന് ഈ മാസം 27ന് തറക്കല്ലിടാനിരിക്കെ ഇന്നലെ എട്ടു പേർ മാത്രമാണ് സമ്മത പത്രം നൽകിയത്. ടൗൺഷിപ്പിൽ പത്ത് സെന്റ് സ്ഥലവും 40 ലക്ഷം രൂപ ധനസഹായവും വേണമെന്ന് കളക്ടറുമായി ആശയവിനിമയം നടത്തിയവർ ആവശ്യപ്പെട്ടു.

കൂടുതൽ വിവരങ്ങളുമായി വയനാട് പ്രതിനിധി അരുൺ വിൻസെന്റ്.

.....വോയ്സ്.......

✪✪✪

ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിൽ നിയമാനുസൃതം കഴക ജോലി ലഭിച്ചയാൾക്ക്  ജോലി ചെയ്യാൻ കഴിയാതെ വന്നത് രാജ്യത്ത് സംഭവിക്കാൻ പാടില്ലാത്ത കാര്യമാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ക്ഷേത്രത്തിൽ മാല കെട്ടാൻ പോലും ജാതി നോക്കുന്ന രീതി ഉചിതമാണോയെന്ന് ചിന്തിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

മഹാത്മാ ഗാന്ധിയും ശ്രീ നാരായണ ഗുരുവും കൂടിക്കാഴ്ച നടത്തിയതിന്റെ ശതാബ്ദി ഇന്ന് ശിവഗിരിയിൽ ആഘോഷിക്കും. ഇരുവരും സംവദിച്ച  ശിവഗിരി വനജാക്ഷി മന്ദിരത്തിലേക്ക് രാവിലെ സന്യാസിമാർ അനുസ്മരണ യാത്ര നടത്തും. വനജാക്ഷി മന്ദിരം സമാഗമ ശതാബ്ദി സ്മാരക മ്യൂസിയമായി ഗാന്ധിജിയുടെ കൊച്ചുമകൻ  തുഷാർ ഗാന്ധി നാടിന്  സമർപ്പിക്കും.

✪✪✪

ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ മകം തൊഴൽ ഇന്ന്. രാവിലെ മകം തൊഴലുമായി ബന്ധപ്പെട്ട ചടങ്ങുകൾ ആരംഭിച്ചു. ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ നടയടക്കും. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ സർവ്വ ആഭരണ വിഭൂഷിതയായ ചോറ്റാനിക്കര ദേവിയെ ദർശിക്കുന്നതിനായി വീണ്ടും നട തുറക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് FC-യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം. ISL ലീഗിലെ അവസാന മത്സരം കൂടിയാണിത്.

ഇന്നലെ മുംബൈ സിറ്റി, ബംഗളുരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ ബംഗളുരു FC-യെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തി.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, മുംബൈ ഇന്ത്യൻസിനെ തോൽപ്പിച്ചു.

നാളെ എലിമിനേറ്ററിൽ മുംബൈ, ഗുജറാത്ത് ജയന്റ്സിനെ നേരിടും. ജയിക്കുന്ന ടീം 15ന് ഫൈനലിൽ ഡൽഹിയുമായി മത്സരിക്കും.

✪✪✪

കാർഷിക സംസ്കാരത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കാൻ കാസർകോട് കൊടക്കാട് ഗവൺമെന്റ് വെൽഫെയർ UP സ്കൂളിൽ കാർഷിക സമൃദ്ധി പദ്ധതി ആരംഭിച്ചു.

കൂടുതൽ വിവരങ്ങളുമായി കാസർകോട് പ്രതിനിധി P. ജഗന്നിവാസൻ.

......വോയ്സ്...........

✪✪✪

കോഴിക്കോട് ജില്ലയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ട്യൂഷൻ സെന്ററുകൾ അടപ്പിക്കാൻ ജില്ലാതല ശിശു സംരക്ഷണ സമിതി യോഗം തീരുമാനിച്ചു. കുട്ടികൾക്ക് മൂത്രപ്പുരയോ ഫാനോ അടക്കം അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാക്കാതെയാണ് പല ട്യൂഷൻ സെന്ററുകളും പ്രവർത്തിക്കുന്നതെന്ന് യോഗത്തിൽ പങ്കെടുത്തവർ അറിയിച്ചു. ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയില്ലെങ്കിൽ ബാലനീതി നിയമപ്രകാരം കേസെടുക്കാനാണ് തീരുമാനം.

✪✪✪

താനൂരിൽ 22 പേരുടെ മരണത്തിന് കാരണമായ ബോട്ടപകടമുണ്ടാക്കിയ അറ്റ്ലാന്റിക് ബോട്ടിന് തൂവൽ തീരത്ത് സർവീസ് നടത്താൻ നഗരസഭ അനുമതി നൽകിയിരുന്നില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ജസ്റ്റിസ് VK മോഹൻ കമ്മീഷന് മൊഴി നൽകി. താനൂർ നഗരസഭാ സെക്രട്ടറി ഇതു സംബന്ധിച്ച സാക്ഷ്യ പത്രം നൽകിയിരുന്നതായും DYSP വി വി ബെന്നി അറിയിച്ചു.

✪✪✪

തലശ്ശേരി പാനൂരിനടുത്ത് പൊയിലൂരിൽ രാഷ്ട്രീയ സംഘർഷത്തിൽ ഒരാൾക്ക് വെട്ടേറ്റു. പരിക്കുകളോടെ കൈവേലിക്കൽ ഷൈജുവിനെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. സംഘർഷത്തിൽ മറ്റ് ഏഴ് പേർക്കും പരിക്കേറ്റു.

✪✪✪

കോഴിക്കോട് നഗരത്തിൽ വിൽപനയ്ക്കെത്തിച്ച 80 ഗ്രാമോളം MDMA യുമായി മൂന്ന് യുവാക്കളെ ഡാൻസാഫും പൊലീസും ചേർന്ന് പിടികൂടി.

നൈജിൽ റിറ്റ്സ്, രാഹുൽ, മിഥുൻ രാജ് എന്നിവരാണ് അറസ്റ്റിലായത്.

✪✪✪

കാസർകോട് ജില്ലാ പഞ്ചായത്ത് ബജറ്റ് രാവിലെ അവതരിപ്പിക്കും. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വൈസ് പ്രസിഡണ്ട് ഷാനവാസ് പാദൂരാണ് ബജറ്റ് അവതരിപ്പിക്കുന്നത്. ചർച്ചയ്ക്ക് ശേഷം നാളെ ബജറ്റിന് അംഗീകാരം നൽകും.

✪✪✪

ദേശീയ പ്രാധാന്യമേറിയ വിഷയങ്ങളിൽ യുവാക്കളിൽ നിന്ന് ആശയരൂപീകരണം സാധ്യമാക്കുന്നതിന് യുവജന കാര്യകായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത്പാർലമെന്റ് മത്സരങ്ങൾക്ക് രജിസ്ട്രേഷൻ തുടങ്ങി. കഴിഞ്ഞ ഫെബ്രുവരി 24 ന് 18നും 25നും ഇടയിൽ പ്രായക്കാരയ യുവജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം. 'വികസിത ഭാരതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?' എന്ന വിഷയത്തിൽ ഒരു മിനിറ്റ് നീളുന്ന പ്രസംഗ വീഡിയോ 'മൈ ഭാരത്' പോർട്ടലിൽ അപ്‌ലോഡ് ചെയ്താണ് രജിസ്റ്റർ ചെയ്യേണ്ടത് .

✪✪✪

38-മത് ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ കണ്ണൂർ സർവ്വകലാശാലയിക്ക് രണ്ട് രണ്ടാം സ്ഥാനങ്ങൾ ലഭിച്ചു. Spot Painting, Poster Making ഇനങ്ങളിൽ പങ്കെടുത്ത കണ്ണൂർ SN. കോളേജിലെ അക്ഷയ ഷമീറിനാണ് രണ്ടാം സ്ഥാനങ്ങൾ ലഭിച്ചത്.

✪✪✪

പ്രധാൻമന്ത്രി സൂര്യ ഘർ - മുഫ്ത് ബിജ്‌ലി യോജനയിൽ ഈ മാസം 10 വരെ പത്തു ലക്ഷത്തി ഒമ്പതിനായിരത്തിലേറെ സൗരോർജ്ജ മേൽക്കൂര സ്ഥാപിച്ചതായി പുനരുപയോഗ ഊർജ്ജ മന്ത്രാലയം ഡൽഹിയിൽ അറിയിച്ചു. പദ്ധതി പരമ്പരാഗത വൈദ്യുതി ആശ്രയം കുറയ്ക്കുകയും ഉപഭോക്താക്കളെ ഊർജ്ജ ഉൽപ്പാദകരാക്കി ശാക്തീകരിക്കുകയും ചെയ്യുന്നതാണ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: ശരണ്യ രാജൻ*
*DEO: സുബോധ് സി കെ*